# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.7293 11.07.2014 ലെ മറുപടിയ്ക്ക്

## നന്തൻകോട് നളന്ദ ഗവ.വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ വാർഡനെ നിയമിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ധാരാളം സ്ത്രീകളും കുട്ടികളും താമസിക്കുന്ന പി.ഡബ്ല്യൂ.ഡി യുടെ കീഴിലുള്ള നന്തൻകോട് നളന്ദ ഗവ.വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ വാർഡൻ ഇല്ലാത്തത് മൂലം സുരക്ഷാപ്രശ്നമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തസ്തിക നിലവിൽ ഇല്ലെങ്കിലും ദിവസ വേതന അടിസ്ഥാനത്തിൽ വാർഡനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത ഹോസ്റ്റലിൽ 'ഗസ്റ്റ് ' എന്ന പേരിൽ പുറത്തുനിന്നുള്ളവർ ആഴ്ചകളോളവും, മാസങ്ങളോളവും താമസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരം കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അനുമതിയോടെ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർ ഗസ്റ്റായി താമസിക്കുന്നുണ്ട്. അനുമതിയുള്ളതിൽ കൂടുതൽ ദിവസങ്ങളിൽ താമസിക്കുന്നതായി ശ്രദ്ധയിൽ-പ്പെട്ടിട്ടില്ല. |
| (സി) പെൻഷൻ പറ്റിയവർ ഒഴിയാത്തതിനാലും, ഒരാൾ ഒന്നിൽക്കൂടുതൽ മുറികൾ കൈവശം വെയ്ക്കുന്നതിനാലും മറ്റ് ജില്ലകളിൽ ജോലി ചെയ്യുന്നവർ താമസിക്കുന്നതിനാലും അർഹരായ ജീവനക്കാർക്ക് പ്രവേശനം കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത താമസക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടി ഉടനെ സ്വീകരിക്കുന്നതാണ്. |
| (ഡി) എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ